**പതിമൂന്നാം കേരള നിയമസഭ**

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
## (2014–2016)

**പതിനാലാമത് റിപ്പോർട്ട്**

**(തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്റ്റലുകളുടെ പ്രവർത്തനം സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്)**

(2014 ജൂലൈ 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2014–2016)

**പതിനാലാമത് റിപ്പോർട്ട്**

**(തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്റ്റലുകളുടെ പ്രവർത്തനം സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്)**

1151/2014.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

## എസ്റ്റിമേറ്റ്സ് കമ്മിറ്റി (2014–2016)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ.

അംഗങ്ങൾ :

| | |
|---|---|
| ശ്രീ. എം. എ. ബേബി, | എം. എൽ. എ. |
| ,, എ. കെ. ബാലൻ, | ,, |
| ,, ഡൊമിനിക് പ്രസന്റേഷൻ, | ,, |
| ,, ഇ. പി. ജയരാജൻ, | ,, |
| ,, സി. മോയിൻകുട്ടി, | ,, |
| ,, കെ. മുരളീധരൻ, | ,, |
| ,, കെ. രാജു, | ,, |
| ,, എ. കെ. ശശീന്ദ്രൻ, | ,, |
| ,, സി. എഫ്. തോമസ്, | ,, |
| ,, എം. ഉമ്മർ, | ,, |

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി കെ. രാധാമണി, ജോയിന്റ് സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി

,, ശാന്തകുമാർ, എസ്., അണ്ടർ സെക്രട്ടറി.

## മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്റ്റലുകളുടെ പ്രവർത്തനം സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നു.

2014 ജൂലൈ മാസം 15-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. ഡി. സതീശൻ,

*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2014 ജൂലൈ 17.

## തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്റ്റലുകളുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട്

പൊതുജനാരോഗ്യരംഗത്ത് കാര്യക്ഷമവും സമഗ്രവുമായ പ്രവർത്തനങ്ങൾക്കു രൂപം നൽകി അസൂയാവഹമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ച സംസ്ഥാനമാണ് കേരളം. മറ്റു പല മേഖലകളിലുമെന്നപോലെ ആരോഗ്യരംഗത്തും കേരളം ഇന്ത്യയ്ക്കെന്നല്ല, ലോകരാഷ്ട്രങ്ങൾക്കുതന്നെ മാതൃകയാണ്. കേരളത്തിലെ കുറഞ്ഞ ശിശുമരണനിരക്കും കൂടിയ ആയുർദൈർഘ്യവും ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇല്ല. വ്യക്തിശുചിത്വത്തിന്റെ കാര്യത്തിലും പരിസരശുചിത്വം പാലിക്കുന്നതിലും ബദ്ധശ്രദ്ധരായിരുന്ന കേരളീയർ ശാസ്ത്രസാങ്കേതികവിദ്യയുടെ വേഗതയ്ക്കൊപ്പം നീങ്ങാൻ ശ്രമിക്കുന്നതിനിടയിൽ തന്റെ പരിസ്ഥിതിയെക്കുറിച്ച് ഗൗരവമായി ചിന്തിക്കുന്നുണ്ടോ എന്നതു സംശയമാണ്.

2. കേരളത്തിന്റെ ആരോഗ്യരംഗത്തും മെഡിക്കൽ വിദ്യാഭ്യാസരംഗത്തും ദശാബ്ദങ്ങളുടെ പാരമ്പര്യമുള്ളതാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ്. മെഡിക്കൽ കോളേജിനുപുറമേ മെഡിക്കൽ, ഡെന്റൽ, ഫാർമസി, നഴ്സിംഗ്, ലബോറട്ടറി ടെക്നീഷ്യൻ, പാരാമെഡിക്കൽ കോഴ്സുകൾ ഉൾപ്പെടെ വളരെയധികം വിദ്യാഭ്യാസസ്ഥാപനങ്ങൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നു. ഈ കോഴ്സുകൾക്കു പഠിക്കുന്ന ആയിരക്കണക്കിനു വിദ്യാർത്ഥികൾക്ക് ആശ്രയമാണ് ഇവിടെ പ്രവർത്തിക്കുന്ന വിവിധ ഹോസ്റ്റലുകൾ. ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കുന്നതിനു പ്രാപ്തമായ മാനവശേഷി വികസിപ്പിച്ചെടുക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് ആരോഗ്യവും ശുചിത്വവുമുള്ള ഒരു ചുറ്റുപാട് അനിവാര്യമാണ്. ഒരാൾ ജീവിക്കുന്ന ചുറ്റുപാടുകൾ അയാളുടെ ബുദ്ധിപരവും ശാരീരികവും മാനസികവും വൈകാരികവുമായ തലങ്ങളെ വളരെയധികം സ്വാധീനിക്കുന്നുവെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. മെഡിക്കൽ കോഴ്സുകൾ പോലെ മാനുഷികമുഖമുള്ള കോഴ്സുകൾക്കു പഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കേണ്ടത് അധികൃതരുടെ എന്നപോലെ സമൂഹത്തിന്റെയും പ്രധാനകർത്തവ്യമാണ്. എസ്റ്റിമേറ്റ്സ് കമ്മിറ്റി, ആരോഗ്യവകുപ്പിന്റെ പ്രവർത്തനവും ബഡ്ജറ്റ് വിഹിത വിനിയോഗവും സംബന്ധിച്ച് പഠനം നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പട്ടികജാതി-പട്ടികവർഗ്ഗവിദ്യാർത്ഥി വിദ്യാർത്ഥിനികൾ താമസിക്കുന്ന ഹോസ്റ്റലുകളും ഇതുമായി ബന്ധപ്പെട്ട മറ്റു ഹോസ്റ്റലുകളും സന്ദർശിക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റിപ്പോർട്ട് തയ്യാറാക്കുന്നതിനും തീരുമാനിച്ചു. 2013-ൽ സമിതി തിരുവനന്തപുരം മെഡിക്കൽ

കോളേജിനോടനുബന്ധിച്ചുള്ള പ്രിയദർശിനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസസ് ലേഡീസ് ഹോസ്റ്റൽ, മെൻസ് ഹോസ്റ്റൽ, അണ്ടർഗ്രാജ്വേറ്റ് വിമൻസ് ഹോസ്റ്റൽ എന്നിവ സന്ദർശിക്കുകയും വിദ്യാർത്ഥികളുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും ചർച്ച നടത്തുകയും ചെയ്തു. സമിതി നടത്തിയ ചർച്ചകളുടെയും സന്ദർശനത്തിന്റെയും ലഭ്യമായ വിവരങ്ങളുടെയും അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകളും നിർദ്ദേശങ്ങളും ശിപാർശകളും ഉൾപ്പെട്ടതാണ് ഈ സ്പെഷ്യൽ റിപ്പോർട്ട്.

**പ്രിയദർശിനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസസ്—ലേഡീസ് ഹോസ്റ്റൽ**

3. സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് പാരാമെഡിക്കൽ കോഴ്സുകൾക്കു പരിശീലനം നൽകുന്നതിനുവേണ്ടി 1985-ൽ സ്ഥാപിതമായ സ്ഥാപനമാണ് പ്രിയദർശിനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസസ്. കേന്ദ്രസർക്കാരിന്റെ പൂർണ്ണസാമ്പത്തികസഹായത്തോടെ ആരംഭിച്ച സ്ഥാപനമാണിത്. വിവിധ പാരാമെഡിക്കൽ കോഴ്സുകൾക്കു പഠിക്കുന്ന 140 കുട്ടികൾ താമസിക്കുന്ന ഹോസ്റ്റലാണിത്. ഇവിടെ കുട്ടികൾക്ക് ഭക്ഷണവും താമസവും സൗജന്യമാണ്.

4. പട്ടികജാതിവിദ്യാർത്ഥിനികൾക്കായുള്ള ഹോസ്റ്റൽ സന്ദർശിച്ച സമിതി കുട്ടികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നേരിൽക്കണ്ട് ബോദ്ധ്യപ്പെടുകയും അവരുടെ പരാതികൾ കേൾക്കുകയും ചെയ്തു.

5. 150 കുട്ടികൾക്കു താമസസൗകര്യമുള്ള ഹോസ്റ്റലിൽ 140 പേരുണ്ടെന്നും 2013 നവംബറിൽ പുതിയ ബാച്ച് ആരംഭിക്കുന്നതോടെ 80 കുട്ടികളെക്കൂടി ഉൾക്കൊള്ളിക്കേണ്ടി വരുമെന്നും ഓരോ നിലയിലും 4 ടോയ്‌ലെറ്റുകളും 3 ബാത്ത് റൂമുകളുമാണുള്ളതെന്നും സമിതി മനസ്സിലാക്കി. മുറികൾ പലതും വൃത്തിഹീനമാണ്. ബാത്ത് റൂമുകളിൽ വെള്ളം കിട്ടാത്ത അവസ്ഥയുണ്ട്. പുറത്തുനിന്ന് വെള്ളം കൊണ്ടുവരേണ്ട സാഹചര്യമായതിനാൽ കുട്ടികൾക്ക് പലപ്പോഴും ക്ലാസ്സുകൾ മുടങ്ങുന്ന അവസ്ഥയുണ്ട്. വരാന്തകളിൽ ലൈറ്റും മുറികളിൽ പലതിലും ഫാനും ഇല്ല.

6. കുട്ടികൾക്ക് മെനു അനുസരിച്ച് ആഹാരം ലഭ്യമാകുന്നില്ല. ഹോസ്റ്റലിൽ ഹൗസ് കീപ്പർ, പാചകക്കാർ, സെക്യൂരിറ്റി ജീവനക്കാർ തുടങ്ങിയ പോസ്റ്റുകളിൽ ഒന്നിലുംതന്നെ സ്ഥിരം ജീവനക്കാരില്ല. താത്ക്കാലിക പാചകക്കാർക്ക് എട്ടുമാസമായി ശമ്പളം കിട്ടാത്ത അവസ്ഥയുണ്ട്. പാചകപ്പുരയും മെസ്സ് ഹാളും കാലപ്പഴക്കവും അറ്റകുറ്റപ്പണികളുടെ അഭാവവുംകൊണ്ട് വളരെ ശോചനീയമായ അവസ്ഥയിലാണു കാണപ്പെട്ടത്. കുട്ടികൾ വസ്ത്രങ്ങൾ അലക്കിയിടുന്ന ഭാഗത്ത് ഓടയിൽ വെള്ളം കെട്ടിക്കിടന്ന് കൊതുകിന്റെ ആവാസകേന്ദ്രമായി മാറിയിരിക്കുന്നത് നേരിൽക്കണ്ട സമിതി, മെഡിക്കൽ കോളേജ്

ആശുപത്രിയിൽത്തന്നെ ഇത്തരമൊരു സാഹചര്യമുണ്ടായത് അധികൃതരുടെ ഭാഗത്തുനിന്നുള്ള കടുത്ത അനാസ്ഥ കാരണമാണെന്ന് അഭിപ്രായപ്പെട്ടു.

**എസ്.സി./എസ്.റ്റി. ആൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ**

7. 100 കുട്ടികളെ താമസിപ്പിക്കുന്നതിനു സൗകര്യമുള്ള ഹോസ്റ്റലാണിത്. ഇവിടെയും താമസവും ഭക്ഷണവും സൗജന്യമാണ്.

8. ആൺകുട്ടികളുടെ ഹോസ്റ്റലാണ് ഏറ്റവും പരിതാപകരമായ അവസ്ഥയിൽ സമിതി കണ്ടത്. ഹോസ്റ്റൽ കെട്ടിടം തന്നെ വളരെ ശോചനീയമായ അവസ്ഥയിലായിരുന്നു. ചുവരുകളും തറയും വൃത്തിഹീനമായിരുന്നു. പെൺകുട്ടികളുടെ ഹോസ്റ്റലിൽ പാകം ചെയ്യുന്ന ആഹാരം ഈ ഹോസ്റ്റലിൽ എത്തിക്കുകയാണു ചെയ്യുന്നത്. അടുക്കളയും മെസ്സ് ഹാളും ഉപയോഗിക്കാൻ പറ്റാത്തത്ര വൃത്തികേടായിരുന്നു. ഏകദേശം 50 പേരാണ് ഒരു ബാത്ത് റൂം ഉപയോഗിക്കുന്നത്. ഹോസ്റ്റലിലെ ബാത്ത് റൂമുകളും ടോയ്‌ലെറ്റുകളും ഉപയോഗശൂന്യമായിക്കിടക്കുന്നത് സമിതി നേരിട്ടു കണ്ടു. മുറികളിലും വരാന്തകളിലും ലൈറ്റോ മുറികളിൽ ഫാനോ ഇല്ലാത്ത അവസ്ഥയാണ്. ബാത്ത് റൂമുകളിൽനിന്നുള്ള വെള്ളം മുറികളിലേക്കുവരെ വ്യാപിച്ചുകിടക്കുന്നു. കുട്ടികൾക്കു കിടക്കാൻ കട്ടിലുകൾ, പഠിക്കുവാൻ മേശ, കസേര തുടങ്ങിയവയും ഉണ്ടായിരുന്നില്ല. പഠനസാമഗ്രികൾ പലതും തറയിൽ ചിതറിക്കിടക്കുന്ന നിലയിലായിരുന്നു. ഹോസ്റ്റൽ പരിസരം കാടുപിടിച്ചു കിടക്കുന്നതിനാൽ വിഷപ്പാമ്പുകളുടെയും മറ്റും ശല്യം പതിവാണെന്ന് പരാതിയുണ്ട്. മെസ്സ് ഹാളിലെ വാഷ് ബേസിനിലെ പൈപ്പുകൾ ഒന്നുംതന്നെ പ്രവർത്തനക്ഷമമല്ല. വെള്ളത്തിന്റെ ദൗർലഭ്യം കുട്ടികളുടെ പഠനത്തെ ബാധിക്കുന്നുണ്ട്. സ്ഥിരമായി വാർഡനില്ലാത്ത അവസ്ഥയുമുണ്ട്.

9. പട്ടികജാതി-പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റൽ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 50%, 100% കേന്ദ്രാവിഷ്കൃതപദ്ധതി പ്രകാരം 2010-11, 2011-12 വർഷങ്ങളിലൊക്കെ പട്ടികജാതി-പട്ടികവർഗ്ഗവകുപ്പിന് അനുവദിച്ച കോടിക്കണക്കിനു രൂപ ചെലവഴിക്കപ്പെടാതിരുന്നത് പഠനത്തിനിടെ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. പല കാരണങ്ങളാൽ ഹോസ്റ്റൽ കെട്ടിടങ്ങളുടെ പണി ആരംഭിച്ചിട്ടില്ല. കേന്ദ്രസഹായം ലഭ്യമാകുന്ന രീതിയിൽ വ്യക്തമായ പ്രൊപ്പോസലുകൾ നൽകാൻ വകുപ്പിനു സാധിക്കാത്തതും പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസവും കാരണം ഫണ്ട് ലാപ്സാകുന്നതും വകുപ്പിന്റെ വീഴ്ചയായി സമിതി വിലയിരുത്തുന്നു. ഹോസ്റ്റൽ കെട്ടിടനിർമ്മാണത്തിനാവശ്യമായ തുക പി.ഡബ്ല്യൂ.ഡി.യുടെ ശീർഷകത്തിലാണ് ബഡ്ജറ്റിൽ വകയിരുത്തുന്നതെന്നും നിർമ്മാണപ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ്, കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്നിവ മുഖാന്തരമാണു നടത്തുന്നതെന്നും

സമിതി മനസ്സിലാക്കുന്നു. ഹോസ്റ്റലുകളുടെ അടിസ്ഥാനസൗകര്യവികസനത്തിനും ഹോസ്റ്റലുകളിൽ ബുക്കുകൾ, ഫർണിച്ചറുകൾ, കമ്പ്യൂട്ടറുകൾ എന്നിവ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾ, പുതിയ നിർമ്മാണപ്രവർത്തനങ്ങൾ എന്നിവയ്ക്കുമുള്ള 'വിദ്യോദയം' പദ്ധതിയും ഫലപ്രദമായി നടപ്പിലാകുന്നില്ല എന്നതിന് ഏറ്റവും നല്ല ഉദാഹരണമാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഹോസ്റ്റലുകളുടെ അവസ്ഥയെന്നും സമിതി വിലയിരുത്തുന്നു.

**അണ്ടർഗ്രാജ്വേറ്റ് വിമൻസ് ഹോസ്റ്റൽ**

10. 1953-ൽ സ്ഥാപിതമായ ഹോസ്റ്റലിൽ 404 കുട്ടികൾക്കു താമസിക്കാനുള്ള സൗകര്യമാണുള്ളതെങ്കിലും 737 പേരാണു താമസിച്ചുവരുന്നത്. എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.ഫാം. വിദ്യാർത്ഥിനികൾ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നു.

11. കാലപ്പഴക്കത്തെത്തുടർന്ന് ഹോസ്റ്റലിന്റെ ഭിത്തികളിൽ സിമന്റ് പ്ലാസ്റ്റർ വേർപെട്ടുനിൽക്കുന്ന വളരെ അപകടകരമായ അവസ്ഥയിലായിരുന്നു പ്രസ്തുത കെട്ടിടം.

12. വളരെ തിങ്ങിനിറഞ്ഞ നിലയിലാണ് കുട്ടികൾ ജീവിക്കുന്നത്. ചെറിയ ഒരു മുറിയിൽ നാലഞ്ചുപേർ താമസിക്കുന്നു. പഠനസാമഗ്രികളും പുസ്തകങ്ങളും സൂക്ഷിക്കുന്നതിനു സൗകര്യമില്ല. മുറികളിൽ ഇരുന്നു പഠിക്കുന്നതിനു സൗകര്യമില്ല. സ്റ്റഡി റൂമില്ലാത്തതിനാൽ സ്റ്റെയർ കെയ്സിന്റെ അടിയിലും മറ്റുമിരുന്നാണു കുട്ടികൾ പഠിക്കുന്നത്. മുകളിലത്തെ നിലയിലെ ഡോർമിറ്ററിയിൽ 34 പേരെയാണു താമസിപ്പിച്ചിരിക്കുന്നത്. സ്ഥലപരിമിതിമൂലം കട്ടിലുകൾ കൂട്ടിയിട്ട് ധാരാളം കുട്ടികൾ ഒരുമിച്ചാണു കിടക്കുന്നത്. വേനൽക്കാലത്ത് ചൂട് അസഹനീയമാണ്. മഴക്കാലത്ത് കാറ്റടിച്ച് മഴവെള്ളം ഹാളിനകത്തേക്ക് കയറുന്നു. തുണികളും മറ്റും അലക്കി ഇടനാഴികളിലാണ് ഉണങ്ങാനിട്ടിരിക്കുന്നത്.

13. മെസ്സിന്റെ ചുമതല കുട്ടികൾക്കുതന്നെയാണ്. ആവശ്യമായ ഭക്ഷ്യവസ്തുക്കൾ ക്രെഡിറ്റ് വ്യവസ്ഥയിലാണു വാങ്ങുന്നത്. എസ്.സി./എസ്.റ്റി. കുട്ടികൾക്കുള്ള മെസ്സ് അലവൻസും സ്റ്റൈപ്പൻഡും ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടാകുന്നതുകൊണ്ട് ക്രെഡിറ്റ് വ്യവസ്ഥയിൽ വാങ്ങുന്ന സാധനങ്ങളുടെ വില കൃത്യമായി ശേഖരിച്ചു നൽകാൻ സാധിക്കുന്നില്ല. അന്തേവാസികളായ എസ്.സി./എസ്.റ്റി. കുട്ടികൾക്ക് സ്റ്റൈപ്പൻഡ് യഥാസമയം ലഭിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ജില്ലാ വെൽഫെയർ ഓഫീസർക്കു പ്രൊപ്പോസൽ നൽകി സ്റ്റൈപ്പൻഡ് യഥാസമയം ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കണമെന്നു നിർദ്ദേശിക്കുകയും ചെയ്തു.

## സമിതിയുടെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും

14. ഹോസ്റ്റൽ സന്ദർശനത്തിനുശേഷം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ കോൺഫറൻസ് ഹാളിൽ യോഗം ചേരുകയും ആരോഗ്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ താമസിച്ച് പഠിക്കുന്ന ഹോസ്റ്റലുകളെ അധികൃതർ പൂർണ്ണമായും അവഗണിച്ച മട്ടിലാണെന്നും പരിഷ്കൃതസമൂഹത്തിനു ചേരാത്തവിധത്തിൽ വളരെ പരിതാപകരമായ സാഹചര്യങ്ങളിലാണ് കുട്ടികളെ താമസിപ്പിച്ചിരിക്കുന്നതെന്നും സമിതി വിലയിരുത്തി.

15. എസ്.സി./എസ്.റ്റി. വിദ്യാർത്ഥിനികൾക്കായുള്ള ഹോസ്റ്റലിൽ ഡ്രെയിനേജ് സംവിധാനത്തിൽ മലിനജലം കെട്ടിക്കിടന്ന് കൊതുകുവളർത്തൽകേന്ദ്രമായി മാറിയിട്ടുള്ളതായി സമിതി അഭിപ്രായപ്പെട്ടു. ആരോഗ്യവകുപ്പ് ശുചിത്വത്തെക്കുറിച്ച് ബോധവത്ക്കരണപരിപാടികൾ നടത്താറുണ്ടെങ്കിലും വകുപ്പിന്റെ നിയന്ത്രണ ത്തിലുള്ള ഹോസ്റ്റലുകളിൽത്തന്നെ സ്ഥിതി പരിതാപകരമായി തുടരുന്നത് സംസ്ഥാനത്തിന്റെ ആരോഗ്യമേഖലയ്ക്ക് നാണക്കേടുണ്ടാക്കുന്നതാണ്.

16. ഡൈനിംഗ് ഹാളിലെ പൈപ്പുകൾ ഉപയോഗശൂന്യമായതിനാൽ അടുക്കളയിലെ വാഷ്ബേസിനാണ് കുട്ടികൾ ഉപയോഗിക്കുന്നത്. ഒരു പ്ലംബർക്കു ചെയ്യാവുന്ന റിപ്പയർ ജോലികൾ മാത്രമേ ഉള്ളൂവെങ്കിലും മാസങ്ങളായി ഈ നില തുടരുന്നതിലും അധികൃതരുടെ ഭാഗത്തുനിന്ന് യാതൊരു നടപടിയും ഉണ്ടാകാത്തതിലും സമിതി അതൃപ്തി രേഖപ്പെടുത്തി.

17. മെഡിക്കൽ കോളേജ് ക്യാമ്പസ്സിനകത്ത് വാട്ടർ അതോറിറ്റിയുടെ ഒരു വിംഗ് ഉണ്ടെങ്കിലും സാധാരണ റിപ്പയറിംഗും മെയിന്റനൻസ് വർക്കും കാലാകാലങ്ങളിൽ ചെയ്യുന്നില്ല. അറ്റകുറ്റപ്പണികൾക്ക് ഫണ്ടിന്റെ അപര്യാപ്തത ഉള്ളതായി സമിതി മനസ്സിലാക്കി.

18. ശുദ്ധജലവിതരണസമ്പ്രദായം കാര്യക്ഷമമാക്കുന്നതിന് 10 ലക്ഷം ലിറ്ററിനു പുറമേ 2 ലക്ഷം ലിറ്ററിന്റെ പമ്പ് ഹൗസ് സ്ഥാപിക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കിയതായി സമിതി മനസ്സിലാക്കി. പല പദ്ധതികൾക്കും ഭരണാനുമതി ലഭ്യമാകുന്നതിനു കാലതാമസം നേരിടുന്നുണ്ട്. അടിസ്ഥാനസൗകര്യങ്ങളും സ്റ്റൈപ്പൻഡും യഥാസമയം ലഭ്യമാകുന്നതിനും കാലതാമസം നേരിടുന്നുണ്ട്.

19. എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായുള്ള ഹോസ്റ്റലുകളിലെ അടിസ്ഥാനസൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിന് അടിയന്തരസാമ്പത്തിക

സഹായം എസ്.സി.പി. ഫണ്ടിൽനിന്നും എസ്.സി./എസ്.റ്റി. വകുപ്പ് ലഭ്യമാക്കുന്ന താണെന്നും ഈ ഫണ്ട് വാട്ടർ അതോറിറ്റിക്ക് ഉപയോഗിക്കാവുന്നതാണെന്നും സമിതി നിർദ്ദേശിച്ചു.

20. ഹോസ്റ്റലുകളിലെ സ്ഥിരം ജീവനക്കാരുടെ അഭാവം പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. ആയതിനാൽ, ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കണമെന്നും ഹോസ്റ്റലുകളിൽ വിവിധ തസ്തികകളിലേക്ക് സ്ഥിരം ജീവനക്കാരെ പി.എസ്.സി.വഴി നിയോഗിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

21. പല ഹോസ്റ്റലുകളിലും കുട്ടികൾ തിങ്ങിനിറഞ്ഞു താമസിക്കുന്നത് ഒഴിവാക്കാൻ പാരാമെഡിക്കൽ കോഴ്സുകൾക്കു പഠിക്കുന്ന കുട്ടികൾക്കായി പ്രത്യേക ഹോസ്റ്റൽ പണിയേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

22. ഹോസ്റ്റലിലെ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിന് പ്രാദേശികജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്നും മൂന്നുമാസത്തിലൊരിക്കൽ യോഗം ചേരണമെന്നും സമിതി അഭിപ്രായപ്പെട്ടു.

23. ഏറ്റവും സമർത്ഥരായ കുട്ടികൾ പഠിക്കുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അടിസ്ഥാനസൗകര്യവികസനത്തിന് ആരോഗ്യവകുപ്പ് അധികൃതരുടെ ഭാഗത്തുനിന്ന് സത്വരനടപടി ആവശ്യമാണെന്നും സമിതി നിരീക്ഷിച്ചു.

24. നമ്മുടെ രാഷ്ട്രത്തിന്റെ ഭാവിവാഗ്ദാനങ്ങളായ വിദ്യാർത്ഥികളെ ഉത്തമ പൗരന്മാരായി വാർത്തെടുക്കുന്നതിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കേണ്ടത് ഓരോരുത്തരുടെയും കർത്തവ്യമാണ്. ആരോഗ്യ-കുടുംബക്ഷേമം, പട്ടികജാതി-പട്ടികവർഗ്ഗവികസനം, പി.ഡബ്ല്യൂ.ഡി., ജലവിഭവം തുടങ്ങി എല്ലാ സർക്കാർ വകുപ്പുകളുടെയും സഹകരണത്തോടുകൂടി ആധുനികസമൂഹത്തിനുതകുന്ന രീതിയിൽ സംസ്ഥാനത്തെ ഹോസ്റ്റലുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

## പൊതു ശിപാർശകൾ

(1) **ഹോസ്റ്റൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, പെയിന്റിംഗ്, പരിസര ശുചീകരണനടപടികൾ, തറയുടെയും ഭിത്തികളുടെയും നവീകരണം എന്നിവ അടിയന്തരമായി നടത്തുക.**

(2) **ബാത്ത്റൂമുകളുടെയും കക്കൂസുകളുടെയും നവീകരണം സമയബന്ധിതമായി**

നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

(3) കുടിവെള്ളവിതരണം കാര്യക്ഷമമാക്കുന്നതിന് മഴവെള്ളസംഭരണി, കുഴൽക്കിണർ എന്നിവ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക.

(4) ഹോസ്റ്റലിലെ ജലവിതരണം പൂർണ്ണവും സുഗമവുമായ രീതിയിൽ നടപ്പാക്കുന്നതിന് സംഭരണശേഷി കൂടിയ സ്ഥിരം വാട്ടർ ടാങ്ക് നിർമ്മിക്കുകയും ആവശ്യമായ പ്ലംബിംഗ് വർക്കുകൾ നടത്തുകയും ചെയ്യുക.

(5) അടുക്കളയും മെസ്സ് ഹാളും ആധുനികവത്ക്കരിക്കുന്നതിനും പാചകവാതകം ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കുക.

(6) ഹോസ്റ്റലിലെ ബയോവേസ്റ്റ് ഉപയോഗിക്കാൻ പാകത്തിൽ ബയോഗ്യാസ് പ്ലാന്റ്, മാലിന്യസംസ്കരണത്തിന് ഇൻസിനറേറ്റർ എന്നിവ സ്ഥാപിക്കുക.

(7) ഹോസ്റ്റലിലെ പുതിയ ഇലക്ട്രിഫിക്കേഷൻ ജോലികൾ അടിയന്തരമായി നടത്തുക. മുറികളിലും വരാന്തയിലും ഫാൻ, ലൈറ്റ് എന്നിവ ആവശ്യാനുസരണം ലഭ്യമാക്കുക.

(8) ഹോസ്റ്റലിൽ ആവശ്യമുള്ള എല്ലാ തസ്തികകളിലേക്കും സ്ഥിരം ജീവനക്കാരെ പി.എസ്.സി. മുഖാന്തിരം നിയമിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുക.

(9) കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി വിവിധ കോഴ്സുകൾക്കു പഠിക്കുന്ന കുട്ടികൾക്കായി ആധുനികസൗകര്യങ്ങളോടുകൂടിയ പ്രത്യേകം ഹോസ്റ്റൽ കെട്ടിടങ്ങൾ നിർമ്മിക്കുക, ഹോസ്റ്റലിൽ തുണി അലക്കുന്നതിനും ഉണക്കുന്നതിനും പഠനത്തിനും പ്രത്യേകം സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

(10) വിനോദത്തിനും വിജ്ഞാനത്തിനും പ്രാമുഖ്യം നൽകുന്ന രീതിയിൽ ടി.വി., കമ്പ്യൂട്ടർ, കളിക്കളങ്ങൾ, ലൈബ്രറി എന്നിവ ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കുക.

(11) ഹോസ്റ്റലിനു ചുറ്റുമതിൽ പണിയുകയും സ്ഥിരം സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുകയും ചെയ്യുക.

(12) ഹോസ്റ്റലും പരിസരവും വൃത്തിയായി സൂക്ഷിക്കുക. ഓടകളും മറ്റും യഥാസമയം വൃത്തിയാക്കി കൊതുകുനശീകരണപ്രവർത്തനങ്ങൾ ശക്തമാക്കുക. കുട്ടികൾക്ക് ഇടയ്ക്കിടയ്ക്ക് വൈദ്യപരിശോധനാസംവിധാനം ഏർപ്പെടുത്തുക.

(13) ഇരുന്നു പഠിക്കുന്നതിനും കിടക്കുന്നതിനും ആവശ്യത്തിന് മേശ, കസേര, കട്ടിൽ തുടങ്ങി ഹോസ്റ്റലിനാവശ്യമായ ഫർണിച്ചറുകൾ അടിയന്തരമായി ലഭ്യമാക്കുക.

(14) ഹോസ്റ്റലുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും പുനരുദ്ധാരണത്തിനും ബഡ്ജറ്റിൽ കൂടുതൽ തുക അനുവദിക്കുക. മരാമത്തുപണികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.

(15) ജില്ലാ വെൽഫെയർ ഓഫീസർക്ക് പ്രൊപ്പോസൽ നൽകി, ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്കായുള്ള സ്റ്റൈപ്പന്റ് തുക കൃത്യസമയത്തുതന്നെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.

(16) ഹോസ്റ്റലിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി കുട്ടികളുടെ പ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ലോക്കൽ ബോഡി മെംബർമാരെയും ഉൾപ്പെടുത്തി കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിക്കുന്നതിനും ഇടയ്ക്കിടെ യോഗം ചേരുന്നതിനുമുള്ള നടപടി സ്വീകരിക്കുക.

(17) ഹോസ്റ്റലുകളിലെ അറ്റകുറ്റപ്പണികൾ, നിർമ്മാണപ്രവർത്തനങ്ങൾ, അടിസ്ഥാനസൗകര്യവികസനം എന്നിവയ്ക്കുള്ള 'വിദ്യോദയം' പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുക.

(18) പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന ഹോസ്റ്റലുകളിലെ സാഹചര്യങ്ങൾ മനസ്സിലാക്കാൻ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ജാഗ്രത പുലർത്തുക. മറ്റ് അനുബന്ധ വകുപ്പുകളുടെ സഹകരണത്തോടെ ഹോസ്റ്റലുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുക.

വി. ഡി. സതീശൻ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2014 ജൂലൈ 17.